**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 49** **30-01-2024 - ൽ മറുപടിയ്ക്ക്**

**മിഷൻ 1000 പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ട് സംരംഭങ്ങൾ ശക്തിപ്പെടുത്തുന്നതിനായി നടപ്പാക്കുന്ന മിഷൻ 1000 പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. കേരളത്തിലെ MSME-കളിൽ നിന്നും തിരഞ്ഞെടുത്ത 1000 MSME-കളെ നാല് വർഷത്തിനുള്ളിൽ ആകെ ഒരു ലക്ഷം കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ് മിഷൻ പദ്ധതിയായ 'മിഷൻ 1000' വിഭാവനം ചെയ്തിട്ടുള്ളത്. വസ്തുനിഷ്ഠവും സുതാര്യവുമായ തിരഞ്ഞെടുപ്പ് സംവിധാനത്തിലൂടെയാണ് എം.എസ്.എം.ഇ-കളെ സ്കെയിൽ അപ്പ് സ്കീമിനായി തിരഞ്ഞെടുക്കുന്നത്.<br><br>തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റുകളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ ആനുകൂല്യങ്ങൾ നൽകുന്നതാണ്:<br><br>1. മൂലധന നിക്ഷേപ സബ്സിഡി 40% വരെ (പരമാവധി 2 കോടിരൂപ)<br><br>2. പ്രവർത്തന മൂലധന വായ്പകൾക്ക് പലിശ നിരക്കിന്റെ 50% വരെ പലിശ ഇളവ് (50 ലക്ഷംരൂപ വരെ)<br><br>3. സ്കെയിൽ അപ്പ് ചെയ്യുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം (ഒരു സംരംഭത്തിന് ഒരുലക്ഷം രൂപ വരെ)<br><br>4. തിരഞ്ഞെടുക്കുന്ന ഓരോ സംരംഭത്തിനും അവരുടെ വിവിധ സ്കെയിലിംഗ്-അപ്പ് അനുബന്ധപ്രവർത്തനങ്ങളിൽ അവരെ സഹായിക്കാൻ വ്യവസായവകുപ്പിൽ നിന്ന് ഒരു ഉദ്യോഗസ്ഥനെ നിയമിക്കും |

| | | | |
|---|---|---|---|
| | | | സ്കെയിൽ അപ്പ് മിഷനിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് MSME-കൾക്ക് ആവശ്യമായ മുൻകൂർ യോഗ്യതകൾ:<br><br>i. UDYAM രജിസ്ട്രേഷനോടുകൂടി കേരളത്തിൽ രജിസ്റ്റർ ചെയ്തവ ആയിരിക്കണം<br><br>ii. 31/03/2023 വരെ കുറഞ്ഞത് 3 വർഷമെങ്കിലും പ്രവർത്തനം പൂർത്തീകരിച്ചിരിക്കണം<br><br>iii. നിർമാണമേഖലയിലോ സേവനമേഖലയിലോ ഉള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവ ആയിരിക്കണം<br><br>ആദ്യ ഘട്ടത്തിൽ ലഭിച്ച അപേക്ഷകൾ കൃത്യമായ പരിശോധനകൾക്കു ശേഷം 152 അപേക്ഷകൾ 2023 ഡിസംബർ 21 ന് ചേർന്ന വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല അംഗീകാര കമ്മിറ്റി (എസ്.എൽ.എ.സി) പരിഗണിച്ചു. തുടർന്ന്, 152 അപേക്ഷകളിൽ, 60 മാർക്കോ അതിനു മുകളിൽ മാർക്കോ ലഭിച്ച 88 അപേക്ഷകൾക്ക് എസ്.എൽ.എ.സി മിഷൻ 1000 പദ്ധതിയിലേക്ക് അംഗീകാരം നൽകി. |
| (ബി) | സംസ്ഥാന വ്യവസായ നയത്തിൽ ഉൾപ്പെട്ട ഏതൊക്കെ മേഖലകൾക്ക് ഈ പദ്ധതി പ്രകാരം മുൻഗണന നിശ്ചയിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | 2023-ലെ കേരള വ്യവസായ നയത്തിൽ ഉൾപ്പെട്ടിട്ടുള്ള മുൻഗണനാ മേഖലകളിൽ എയ്റോസ്പേസ് & ഡിഫൻസ്, നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, മറ്റ് ബ്രേക്ക് ത്രൂ സാങ്കേതിക വിദ്യകൾ, ആയുർവേദം, ബയോടെക്നോളജി & ലൈഫ് സയൻസസ്, രൂപകല്പന, ഇലക്ട്രിക് വാഹനങ്ങൾ, എഞ്ചിനീയറിംഗ് ഗവേഷണവും വികസനവും, ഇലക്ട്രോണിക് സിസ്റ്റം രൂപകല്പനയും ഉല്പാദനവും, ഭക്ഷ്യ സാങ്കേതിക വിദ്യകൾ, ഗ്രാഫീൻ, ഉയർന്ന മൂല്യവർദ്ധിത റബ്ബർ ഉല്പന്നങ്ങൾ, ഹൈടെക് ഫാമിംഗും മൂല്യവർദ്ധിത തോട്ടവിളയും, ലോജിസ്റ്റിക്സ്& പാക്കേജിംഗ്, മാരിടൈം മേഖല, മെഡിക്കൽ ഉപകരണങ്ങൾ, നാനോ ടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, റീസൈക്ലിംഗും മാലിന്യ സംസ്കരണവും, പുനരുപയോഗ ഊർജ്ജം, വിനോദ സഞ്ചാരവും ആതിഥേയത്വവും, 3D പ്രിന്റിംഗ് എന്നീ 21 മേഖലകൾ 'മിഷൻ 1000'-ന്റെ മുൻഗണനാ മേഖലകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |
| (സി) | കൂടുതൽ സംരംഭങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. 'മിഷൻ 1000' സ്കീമിന്റെ ഒന്നാം ഘട്ട സെലക്ഷന്റെ ഔപചാരികമായ ഉദ്ഘാടനം 2024 ജനുവരി 4-ന് നിർവഹിച്ചു. മിഷൻ 1000 സ്കീമിന്റെ ഭാഗമായി നിശ്ചയിച്ചിട്ടുള്ള സബ്സിഡികൾക്ക് വേണ്ടി |

| | | | |
|---|---|---|---|
| | | | അപേക്ഷിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ, അടുത്ത ബാച്ച് അപേക്ഷകൾ സ്വീകരിക്കുന്നതിന് വേണ്ടി മിഷൻ 1000 ഓൺലൈൻ പോർട്ടൽ 2024 ജനുവരി 4-ന് വീണ്ടും തുറന്നു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ